# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

28-11-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 387

## വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ ; | (എ) കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ടം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുവാൻ അദാനി തുറമുഖ കമ്പനിക്കുണ്ടായ കാലതാമസം മൂലം പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. പുലിമുട്ട് നിർമ്മാണം നിശ്ചയിച്ച രീതിയിൽ പുരോഗമിക്കാത്തതിനാൽ മറ്റ് ഘടകങ്ങളായ ബെർത്ത് നിർമ്മാണം, ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, യാർഡ് നിർമ്മാണം തുടങ്ങിയ അനുബന്ധ പ്രവർത്തികൾക്കും കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) ഒന്നാംഘട്ട പദ്ധതിയിൽ നിർദ്ദേശിയ്ക്കപ്പെട്ടിരുന്ന പ്രവൃത്തികൾ പൂർത്തിയാക്കാതെ താമസം വരുത്തിയതിന് സർക്കാർ നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നഷ്ടപരിഹാരമായി ലഭിച്ചു; വിശദമാക്കുമോ; | (ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി കൺസെഷൻ കരാറിൽ ഒന്നാം ഘട്ടത്തെ നാല്പ നാഴികക്കല്ലുകളായി (Mile Stone) വിഭജിച്ചിട്ടുണ്ട്. ഇതിൽ രണ്ടാം നാഴികക്കല്ലനുസരിച്ച് 600-ാം ദിവസം കൊണ്ട് (2018 ജൂലൈ 26) അദാനി കമ്പനി കണ്ടെത്തിയ മുഖ്യ വായ്പ ദാതാവായ ധനകാര്യ സ്ഥാപനം അംഗീകരിച്ചിട്ടുള്ള പദ്ധതി തുകയുടെ 25% അദാനി കമ്പനി ചെലവഴിക്കേണ്ടതും ആയതിന്റെ പകുതിയെങ്കിലും തുറമുഖത്തിന്റെ നിർമ്മിതികളിൽ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സീനിയർ ലെന്റർ (Senior Lender) അംഗീകരിച്ചിട്ടുള്ള പദ്ധതി ചെലവ് 4168 കോടി രൂപയാണ്. ഇപ്രകാരം കണക്കാക്കുമ്പോൾ കുറഞ്ഞത് 1042 കോടി രൂപ അദാനി ചെലവഴിക്കേണ്ടതും ഇതിൽ 521 കോടി രൂപ നിർമ്മിതികളിലും ആയിരിക്കണമെന്നുണ്ട്. എന്നാൽ രണ്ടാം നാഴികക്കല്ല് തീയതിയിൽ നടത്തിയ നിക്ഷേപം |

ചെലവഴി ക്കേണ്ട 25%-ത്തിൽ കുറവായതിനാൽ 18.96 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അദാനി തുറമുഖ കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയ്ക്ക് വേണ്ട ഉപകരണങ്ങളും യന്ത്ര സാമഗ്രികളും വാങ്ങുന്നതിനായി ബാങ്കിൽ നിന്ന് എടുത്തിട്ടുള്ള പിൻവലിക്കാനാവാത്ത (irrevocable) Letter of Credit ചെലവായി പരിഗണിക്കണമെന്നും, റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയ ചെലവു കൂടി ഉൾപ്പെടുത്തണമെന്ന അദാനി കമ്പനിയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിഴിഞ്ഞം തുറമുഖ കമ്പനി പരിശോധിച്ചു വരികയാണ്.

| | |
|---|---|
| (സി) ഒന്നാംഘട്ട പദ്ധതിയിൽ ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിയ്ക്കുവാൻ ഉള്ളത്; വിശദമാക്കമോ ; | (സി) 2535 മീറ്റർ നീളത്തിൽ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം, 33 ഹെക്ടർ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ വർക്കുകൾ, ബെർത്ത് നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള പൈലിംഗ്, കോൺക്രീറ്റ് പ്രീകാസ്റ്റ് യൂണിറ്റുകൾ എന്നിവയുടെ പണികൾ, കണ്ടെയ്നർ യാർഡ്, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, തുറമുഖ പ്രവർത്തിക്കാവശ്യമായ ക്രയിനുകൾ ഉൾപ്പെടെയുള്ള യന്ത്രോപകരണങ്ങൾ സ്ഥാപിക്കൽ, ദേശീയ പാത 66 നെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന നാല് വരി പാതയുടെ നിർമ്മാണം എന്നീ പ്രവർത്തികൾ പൂർത്തിയാക്കാനുണ്ട്. |
| ഡി) തദ്ദേശീയർക്ക് ജോലി നൽകണമെന്ന വ്യവസ്ഥ പാലിയ്ക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ? | ഡി) തുറമുഖത്തിന്റെ നിർമ്മാണഘട്ടത്തിൽ പ്രദേശ നിവാസികളെ അദാനി കമ്പനി നിർമ്മാണ ജോലി കൾക്കായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതോടെ തദ്ദേശവാസികൾക്ക് തുറമുഖാനുബന്ധ തൊഴിലുകളിൽ മുൻഗണന നൽകുന്നതിനായി വിവിധ തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ അദാനി കമ്പനി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി പൂർത്തീകരിക്കുമ്പോൾ നേരിട്ടുള്ളതും അല്ലാതെയുമായ അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**